# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3132 10.12.2018 ൽ മറുപടിക്ക്**

**കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ദേശിയ പാതകളിൽ മിക്കപ്പോഴും ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് നിത്യകാഴ്ചയായി മാറിയ സാഹചര്യം പരിശോധിക്കുകയുണ്ടായോ; | എ) ബി) & സി) നിലവിലെ ദേശീയപാതയിലെ ഗതാഗത സാന്ദ്രത അധികമാകയാൽ പലയിടങ്ങളിലും ഗതാഗത ക്കുരുക്ക് അനുഭവപ്പെടാറുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച് 66, എൻ.എച്ച് 544 എന്നിവ 4/6 വരിപ്പാതയായും മറ്റ് ദേശീയപാതകൾ പേവ്ഡ് ഷോൾഡറോട്കൂടിയ രണ്ട് വരിപ്പാതയായും വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 4/6 ദേശീയപാതയായി വികസിപ്പിക്കുന്ന പ്രവൃത്തികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരമാണ് നടപടി എടുക്കേണ്ടത്. |
| ബി) എങ്കിൽ ഇതിനുള്ള പരിഹാരമായി എത്ര ബൈപ്പാസുകളും റിങ്ങ് റോഡുകളുമാണ് ഇപ്പോൾ നിർമ്മാണത്തിലുള്ളതെന്ന് വ്യക്തമാക്കാമോ; | നിലവിലെ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ആലപ്പുഴ, കൊല്ലം പട്ടണങ്ങളിൽ കേന്ദ്ര പങ്കാളിത്തത്തിൽ ബൈപ്പാസ് നിർമ്മിച്ച് വരുന്നു. ഇതിൽ ആലപ്പുഴ ബൈപ്പാസ് 2019 ഏപ്രിൽ മാസം പകുതിയോടെയും കൊല്ലം ബൈപ്പാസ് 2018 ഡിസംബർ മാസം അവസാനത്തോടെയും പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര, തൊണ്ടയാട് എന്നിവിടങ്ങളിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് മേൽപ്പാലങ്ങൾ സെപ്റ്റംബർ മാസത്തിൽ നിർമ്മാണം |
| സി) ഇവ ഓരോന്നിന്റെയും നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കാമോ; | |

| | |
|---|---|
| | പൂർത്തീകരിച്ചു. കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി സംസ്ഥാന സർക്കാർ ദേശീയപാത വിഭാഗം വഴി വൈറ്റില കുണ്ടന്നൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിച്ചു വരുന്നു. ഇവ യഥാക്രമം 26.05.2019 ലും 25.03.2020 ലും പൂർത്തിയാക്കുന്നതാണ്. |
| ഡി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ ഗതാഗതക്കുരുക്കിന് പരിഹാരമായി നിർമ്മിക്കുന്ന കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;<br><br>ഇ) ഏത് ഏജൻസിയെയാണ് ഇതിന്റെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | ഡി) & ഇ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം G.O(Rt) No.1324/2016/PWD dated 27.09.2016 പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആർ.ബി.ഡി.സി.കെ പ്രസ്തുത ബൈപ്പാസിനായി തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയ്ക്ക് 37.96 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ